4. ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

5. കയർ സംഭരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചു.

6. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

7. ക്രയവില സ്ഥിരതാപദ്ധതി പ്രകാരമുള്ള സെയിൽസ് ടേൺ ഓവർ 2011-12, 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.17 ലക്ഷം രൂപയും 8749.98 ലക്ഷം രൂപയായും വർദ്ധിച്ചു.

8. ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.

9. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

10. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

11. കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു.

കയർ ആഭ്യന്തര വിപണിയും

207(3130) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയിലെ ആഭ്യന്തര വിപണിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറുല്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര കോടി രൂപയുടെ ആഭ്യന്തരവിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

ഉത്തരം

(എ) 'കയർ കേരള', 'കയർ കേരള ഫെയർ' തുടങ്ങിയ എക്സിബിഷനുകൾ സംഘടിപ്പിച്ചും എക്സിബിഷനുകളിൽ പങ്കെടുത്തും വൈവിദ്ധ്യവൽക്കരണ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയും ആഭ്യന്തര വിപണിയുടെ സാധ്യത കയർ മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുന്നു. കൂടാതെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയുടെ പല ഭാഗങ്ങളിലും ബയർ-സെല്ലർ മീറ്റുകൾ നടത്തുന്നു. ഇതുകൂടാതെ കേരളത്തിന്റെ പല ഭാഗങ്ങളിൽ കയർ മേളകൾ സംഘടിപ്പിക്കുന്നു. എല്ലാവർഷവും ഫെബ്രുവരി 1 മുതൽ 5 വരെ ആലപ്പുഴയിൽ വച്ച് കയർ കേരള സംഘടിപ്പിക്കാറുണ്ട്. ഈ മേളമുഖാന്തിരം കയർ മേഖലയിൽ ആഭ്യന്തര വിപണിയും വിദേശ വിപണിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കയറുല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി "ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" എന്ന campaign പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തിവരുന്നു.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടും മറ്റ് പൊതുമേഖലകൾ, ഗവൺമെന്റ് ആശുപത്രികൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ടും കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതെല്ലാം ആഭ്യന്തര വിപണിയെ ശക്തിപ്പെടുത്താൻ പ്രയോജനപ്രദമായ കാര്യങ്ങളാണ്.

(ബി) ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് ഷോറൂമുകൾ ആരംഭിക്കുന്നവർക്ക് കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നിശ്ചിത ശതമാനം ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നു. ചെറുകിട ഉൽപ്പാദക സംഘങ്ങൾക്ക് മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് നൽകുന്നു. കയർ മേഖലയിലെ കൈത്തറി ഉൽപ്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അത്തരം കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും വ്യാപാരികൾക്കും വിവിധ പ്രോത്സാഹന സഹായങ്ങൾ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

നൽകിവരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദക ചെറുകിട സഹകരണ സംഘങ്ങളിൽ നിന്നും നിശ്ചിത വിലനൽകി ഉല്പന്നങ്ങൾ സംഭരിക്കുകയും ഇത് കയറ്റുമതിക്കാർക്ക് കയർ കോർപ്പറേഷൻ നൽകുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട ഉല്പാദന സഹകരണ സംഘങ്ങൾക്ക് 3%, കയറ്റുമതിക്കാർക്ക് 7.5% എന്ന രീതിയിൽ ഇൻസെന്റീവും കയർ കോർപ്പറേഷന് 3% സർവ്വീസ് ചാർജ്ജും സർക്കാർ ഫണ്ടിൽനിന്നും നൽകുന്നു.

(സി) ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണനം കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തൊണ്ട് സംഭരണം

208(3131) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊണ്ട് സംഭരണ പദ്ധതി 16-1-2012 മുതൽ പരിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് നൽകിയിരുന്ന 5.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കടത്തുകൂലിയുടെ 50% ഗ്രാന്റ് എന്നിവ ഇടർന്നും നൽകുന്നതിനോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന കാര്യങ്ങൾകൂടെ ഉൾപ്പെടുത്തിയാണ് 16-1-2012 മുതൽ പദ്ധതി പരിഷ്കരിച്ചു നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly